**രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം - 2019**

**സോഷ്യൽ സയൻസ് -- ഉത്തരസൂചിക IX**

**COLIN JOSE .E**
**DR.AMMR GOVT HSS, KATTELA**
**THIRUVANANTHAPURAM**

**BIJU. M**
**GHSS PARAPPA**
**KASARGOD**

| Sl no | ഉത്തര സൂചിക | Score |
|---|---|---|
| | **1 മുതൽ 8 വരെ . ഏതെങ്കിലും 7 എണ്ണം . 2 സ്കോർ വിതം** | |
| **1** | A. ബർക്കനകൾ B. ക്ലൺശില | **2** |
| **2** | (a) ഡോ ബി ആർ അംബേദ്കർ<br>(b) ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം | **2** |
| **3** | • പുലിമുട്ടുകൾ നിർമ്മിക്കൽ.<br>• കടലോരങ്ങളിൽ പാറകൾ നിക്ഷേപിക്കൽ.<br>• മണൽഭിത്തികൾ | **2** |
| **4** | A. ഖുദ് കഷ്ത<br>B. മറ്റുള്ളവരുടെ കൃഷിഭൂമിയിൽ കൃഷിചെയ്തു | **2** |
| **5** | ◆ ജാതിവിവേചനത്തിനെതിരായ സാമൂഹിക സമത്വം എന്ന ചിന്ത ശക്തിപ്പെട്ടു<br>◆ സ്ത്രീപുരുഷ സമത്വമെന്ന ആശയം രൂപപ്പെടാൻ തുടങ്ങി<br>◆ പ്രാദേശികഭാഷകൾ വികസിച്ചു<br>◆ അനാചാരങ്ങൾ ചോദ്യം ചെയ്യപ്പെട്ടു **(any 2)** | **2** |
| **6** | ➢ ഇത് ഒരു ശരാശരി വരുമാനമാണ്.<br>➢ സമ്പത്തിന്റെ തുല്യമയ വിതരണവും അതുവഴിയുണ്ടാകുന്ന സാമൂഹികക്ഷേമവും ഇത് പരിഗണിക്കുന്നില്ല<br>➢ വിദ്യാഭ്യാസം, പോഷകാഹാരലഭ്യത, ആരോഗ്യസംരക്ഷണം തുടങ്ങിയ ജീവിതഗുണമേന്മ ഘടകങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നില്ല<br>**(any 2)** | **2** |
| **7** | ✗ ചൗത്<br>✗ സർദേശ്മുഖി | **2** |
| **8** | ✔ വരുമാനരീതി<br>✔ ചെലവുരീതി | **2** |
| | **9 മുതൽ 15 വരെ . ഏതെങ്കിലും 6 എണ്ണം . 3 സ്കോർ വിതം** | |
| **9** | ➔ ഗ്രാമ പഞ്ചായത്ത് സംഘടിപ്പിക്കൽ<br>➔ കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ<br>➔ ലഹരിവസ്തുക്കളുടെ നിരോധനം | **3** |
| **10** | • ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം നേടിയ സാങ്കേതിക വിദഗ്ധരുൾപ്പെടുന്ന മാനവവിഭവം<br>• വിപുലമായ ആഭ്യന്തര കമ്പോളം<br>• ശക്തമായ സ്വകാര്യമേഖല | **3** |

| | | |
|---|---|---|
| | • മെച്ചപ്പെട്ട ശാസ്ത്ര സാങ്കേതിക വളർച്ച | |
| **11** | ➢ ജലത്തിന്റെ അളവ്<br>➢ ശിലാഘടന<br>➢ പ്രദേശത്തിന്റെ ചരിവ് | **3** |
| **12** | ✔ ജാതിവ്യവസ്ഥയെ എതിർത്തു<br>✔ സ്ത്രീ പുരുഷ സമത്വത്തിന് പ്രാധാന്യം നൽകി.<br>✔ വിധവാ വിവാഹം, മിശ്രഭോജനം, പ്രായപൂർത്തി വിവാഹം, എന്നിവയെ പ്രോത്സാഹിപ്പിച്ചു.<br>✔ പുനർജന്മ സിദ്ധാന്തത്തെ ചോദ്യം ചെയ്തു.<br>✔ സ്വാതന്ത്ര്യം സാമൂഹിക നീതി എന്നീ ആശയങ്ങൾ പ്രചരിപ്പിച്ചു.<br>✔ അധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു. **(any 3)** | **3** |
| **13** | (i) നദി<br>(ii) തിരമാല<br>(iii) ഹിമാനികൾ | **3** |
| **14** | • പ്രതിശീർഷവരുമാനം<br>• സാക്ഷരതയും മൊത്ത സ്കൂൾപ്രവേശനനിരക്കും<br>• ആയുർദൈർഘ്യം | **3** |
| **15** | I (b) മുഗൾഭരണം<br>II (b) മറാത്തഭരണം<br>III (b) അയ്യഗാർ സമ്പ്രദായം | **3** |
| **16 മുതൽ 25 വരെ . ഏതെങ്കിലും 9 എണ്ണം . 4 സ്കോർ വീതം** | | |
| **16** | **<u>മാൻസബ്ദാരി</u>**<br>• മുഗൾസൈനിക ഉദ്യോഗസ്ഥന്റെ പദവിയാണ് 'മാൻസബ് '<br>• ഉദ്യോഗസ്ഥരുടെ പദവി , ശമ്പളം ,സൈനിക ഉത്തരവാദിത്തം എന്നിവ തരംതിരിച്ച് നിർണയിച്ചു<br>• മാൻസബ്ദാർ നിലനിർത്തിയിരുന്ന കുതിരപ്പടയാളികളുടെയും കുതിരകളുടെയും ഇന്നത്തെ അടിസ്ഥാനമാക്കിയായിരുന്ന പദവിനിർണയിച്ചിരുന്നത്<br>• പത്തു മുതൽ പതിനായിരംവരെ കുതിരകളുള്ള മാൻസബ്ദാർമാർ സൈന്യത്തിലുണ്ടായിരുന്നു<br>**<u>ജാഗിർദാരി</u>**<br>• മൻസബ്ദാർമാർക്ക് ശമ്പളത്തിനു പകരമായി ഭൂമി പതിച്ചു നൽകുന്ന സമ്പ്രദായം<br>• ഇങ്ങനെ നൽകപ്പെട്ട 'ഭൂമി ജാഗിർ 'എന്നറിയപ്പെട്ടു ജാഗിർഭൂമിയുടെ കൈവശാവകാശം മാത്രമാണ് ഉദ്യോഗസ്ഥർക്കു നൽകിയിരുന്നത്<br>• ഇവരെ 'ജാഗിർദാർമാർ 'എന്ന് വിളിച്ചിരുന്നു നിശ്ചിത ഭൂമിയിലെ നികുതി പിരിച്ചെടുത്തുപയോഗിക്കുക എന്നത് മാത്രമായിരുന്നു അവരുടെ അധികാരം | **4** |
| **17** | • സമ്പദ്ഘടനയിലെ വിവിധ മേഖലകളുടെ സംഭാവന വിലയിരുത്തുന്നതിന് | |

| | | |
|---|---|---|
| | • സമ്പദ്‌വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനു<br>• വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സർക്കാരിനെ സഹായിക്കുന്നതിന്<br>• ഉൽപ്പാദനം വിതരണം ഉപഭോഗം തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങളുടെ പരിമിതികളും മേന്മകളും കണ്ടെത്തുന്നതിന് | **4** |
| **18** | സ്ഥാനപ്പേരുകൾ നിർത്തലാക്കൽ (a) **സമത്വത്തിനുള്ള അവകാശം**<br>ഭാഷ സംരക്ഷിക്കാനുള്ള അവകാശം (b) **സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം**<br>കുട്ടികൾക്ക് അപകടകരമായ തൊഴിൽ സാഹചര്യങ്ങളിൽനിന്നുള്ള സംരക്ഷണം<br>(c) **ചൂഷണത്തിനെതിരെയുള്ള അവകാശം**<br>മതപ്രചാരണത്തിനുള്ള അവകാശം (d) **മതസ്വാതന്ത്ര്യത്തിനുള്ള അവകാശം** | **4** |
| **19** | <u>**സ്റ്റാലക് റ്റൈറ്റുകൾ**</u><br>• ചുണ്ണാമ്പ് ശിലാഗുഹകളിൽ ജലവുമായി അലിഞ്ഞുചേർന്നുണ്ടായ ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ മേൽക്കൂരയിൽ നിന്ന് താഴേക്ക് തുള്ളിയായി വീഴുന്നു.<br>• ഇതിന്റെ കുറച്ചുഭാഗം ഗുഹയുടെ മേൽഭാഗത്ത് പറ്റിപ്പിടിച്ചിരിക്കുന്നു.<br>• ഈ പ്രക്രിയ ഏറെക്കാലം തുടരുന്നതിന്റെ ഫലമായി ഈ ചുണ്ണാമ്പു നിക്ഷേപരൂപങ്ങൾ തഴേക്ക് വളരുന്നതാണ് സ്റ്റാലക് റ്റൈറ്റുകൾ.<br><u>**സ്റ്റാലഗ് മൈറ്റുകൾ**</u><br>• ഗുഹയുടെ മേൽക്കൂരയിൽനിന്ന് തുള്ളിയായി വീഴുന്ന ചുണ്ണാമ്പ് മിശ്രിതം ഗുഹയുടെ അടിത്തറയിൽ വീഴുമ്പോൾ അവിടെ അടിഞ്ഞുകൂടുന്ന ചുണ്ണാമ്പുനിക്ഷേപം താഴെ നിന്ന് മുകളിലേക്കു വളരുന്നു.<br>• ഈ ഭൂരൂപങ്ങളാണ് സ്റ്റാലഗ് മൈറ്റുകൾ. | **4** |
| **20** | ◆ **പ്രകൃതിവിഭവങ്ങൾ ഒരു തലമുറയ്ക്ക് മാത്രം അനുഭവിക്കാനുള്ളതല്ല, വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് എന്ന കാഴ്ചപ്പാട്**<br><u>**ലക്ഷ്യങ്ങൾ**</u><br>■ പാരിസ്ഥിതികലക്ഷ്യങ്ങൾ<br>■ സാമ്പത്തികലക്ഷ്യങ്ങൾ<br>■ സാമൂഹികലക്ഷ്യങ്ങൾ | **4** |
| **21** | ➢ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് റോഡുകൾ നിർമിച്ചു<br>➢ സരായികൾ (വിശ്രമകേന്ദ്രങ്ങൾ ) പണിതു<br>➢ ഏകീകൃത നികുതിസമ്പ്രദായം നടപ്പിലാക്കി<br>➢ തപാൽസംവിധാനം കാര്യക്ഷമമാക്കി<br>➢ കാര്യക്ഷമമായ നാണയസംവിധാനം നടപ്പാക്കി | **4** |
| **22** | • അവശ്യ സാധനങ്ങളുടെ വിലസർക്കാർ നിശ്ചയിച്ചു.<br>• പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും നടത്തുന്നവർക്ക് കടിനശിക്ഷ നൽകി.<br>• അളവുകളും തൂക്കങ്ങളും ഏകീകരിച്ചു.<br>• സർക്കർ ധാന്യപ്പുരകൾ സ്ഥാപിച്ച് കർഷകരിൽ നിന്ന് ധാന്യങ്ങൾ വാങ്ങി സൂക്ഷിച്ചു.<br>• ധാന്യങ്ങൾ ക്ഷാമകാലത്ത് മിതമായ വിലക്ക് വിതരണം ചെയ്തു. | **4** |

| | | |
|---|---|---|
| 23 | ➢ കാവേരിനദിയിലെ ജലസമൃദ്ധി<br>➢ കൈവഴികളിലൂടെ ഒഴുകിയെത്തുന്ന എക്കൽ മണ്ണ്<br>➢ ജലസേചനത്തിനായി ചോളരാജാക്കന്മാർ നിർമ്മിച്ച കനാലുകൾ<br>➢ കാർഷിക പുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിച്ചിരുന്ന സമിതികൾ | 4 |
| 24 | a) പസഫിക് സമുദ്രം<br>b) ശീതജലം<br>c) അറ്റ്ലാന്റിക് സമുദ്രം<br>d) ഉഷ്ണജലം | 4 |
| 25 | ജലസേചനത്തിനായുള്ള പേർഷ്യൻ ചക്രം<br>ഇരുമ്പുകൊഴു ഘടിപ്പിച്ച ഭാരം കുറഞ്ഞ കലപ്പ<br>വിത്തുവിതയ്ക്കാനുള്ള ഡ്രിൽ എന്ന ഉപകരണം<br>നൂൽനൂപ്പിനുള്ള ചർക്ക<br>തുണിനെയ്ത്തിനുള്ള ചവിട്ടിപ്രവർത്തിപ്പിക്കുന്ന തറി | 4 |
| **26 , 27 ന് 6 സ്കോർ വീതം** | | |
| 26 | **<u>കബീർ</u>**<br>• ഹിന്ദുമതവും ഇസ്‌ലാം മതവും തമ്മിൽ സാഹോദര്യബന്ധം വളർത്താൻ ശ്രമിച്ചു<br>• ജാതി, മതം , വർണ്ണം, കുടുംബം, സമ്പത്ത് തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തെ എതിർത്തു<br>• മാനവിക ഐക്യത്തിന് ഊന്നൽ നൽകി<br>• വിഗ്രഹാരാധന , തീർഥാടനം, പുണ്യസ്നാനം എന്നിവയെ നിരാകരിച്ചു<br>**<u>ഗുരുനാനാക്ക്</u>**<br>• ഏകദൈവവിശ്വാസത്തിന് ഊന്നൽ നൽകി<br>• ഹിന്ദു ഇസ്‌ലാം മതങ്ങളിലെ തത്വങ്ങളെ ഏകീകരിച്ചു<br>• മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങളുടെ വക്താവ്<br>• ഹിന്ദു ഇസ്‌ലാം മതങ്ങളിലെ ബാഹ്യാനുഷ്ഠാനങ്ങളെ എതിർത്തു<br>• വിഗ്രഹാരാധന, തീർത്ഥാടനം തുടങ്ങിയവയെ എതിർത്തു<br>**OR**<br>✗ ഭക്തി സൂഫി പ്രബോധകർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചത് അതത് പ്രദേശത്തുള്ള ഭാഷകളിലായിരുന്നു<br>✗ ഇത് പ്രാദേശിക ഭാഷകളുടെ വളർച്ചക്ക് കാരണമായി<br>✗ ഹിന്ദിയുടെ രണ്ടു രൂപങ്ങളായ ബ്രജ് (വ്രജഭാഷ ), അവധി എന്നിവ സംസാരഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്നു<br>✗ പേർഷ്യനും ഹിന്ദിയും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി ഉറുദു എന്ന പുതിയ ഭാഷ രൂപംകൊണ്ടു<br>✗ കേരളത്തിൽ അറബിയുടെ സ്വാധീനംമൂലം അറബിമലയാളം എന്ന പുതിയ മിശ്രഭാഷാരൂപം നിലവിൽവന്നു<br><br>**ഭാഷ** \| **കൃതികൾ /സാഹിത്യശാഖ** \| **രചയിതാക്കൾ** | 6 |

| | | |
|---|---|---|
| ബംഗാളി | മഹാഭാരതം ബംഗാളിയിലേക്ക് വിവർത്തനം ചെയ്തു | ശ്രീകരനന്ദി , കവീന്ദ്രൻ |
| മറാത്തി | ബംഗാളിരാമായണം<br>ഗീതകങ്ങൾ | കൃത്തിവാസ ഓജ<br>വമനപണ്ഡിത് |
| ഒറിയ | കാവ്യങ്ങൾ | സരളദാസ |
| തെലുങ്ക് | മഹാഭാരതം തെലുങ്കിലേക്കു വിവർത്തനം ചെയ്തു | നന്നയ്യ , തീക്കന ,യരപ്രഗദ |
| തമിഴ് | തിരുമുറൈ<br>നാലായിരദിവ്യപ്രബന്ധം | അപ്പർ, സംബന്ധർ<br>ആഴ്വാർമാർ |
| കന്നഡ | കാവിരാജമാർഗം | അമോഘവർഷൻ |
| മലയാളം | അധ്യാത്മരാമായണം കിളിപ്പാട്ട് | എഴുത്തച്ഛൻ |

**27**

- **കാലാവസ്ഥ**
- പകൽ സമയത്ത് വീശുന്ന കടൽ കാറ്റും രാത്രി കാലങ്ങളിലെ കര കാറ്റും തീരപ്രദേശങ്ങളിലെ താപനിലയെ നിയന്ത്രിക്കുന്നു.
- മഴ, കാറ്റ്, ചക്രവാതം തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങളുടെ രൂപീകരണത്തിൽ സമുദ്രങ്ങൾക്ക് പങ്കുണ്ട്.
- തീരപ്രദേശങ്ങളിൽ മിതമായ കാലാവസ്ഥ അനുഭവപ്പെടുന്നു.

**കുടിവെള്ളം**

- കടൽ വെള്ളത്തെ ശുദ്ധീകരിച്ച് കുടിവെള്ളമാക്കാം.
- കടൽ വെള്ളം ശുദ്ധീകരിക്കാനുള്ള വിവിധ മാർഗ്ഗങ്ങളാണ് സ്വേദനം, ബാഷ്പീകരണം, സാന്ദ്രീകരണം, ഇലക്ട്രോ ഡയാലിസിസ്, വിപരീത ഓസ്മോസിസ്.
- ഇന്ത്യയിൽ ചിലയിടങ്ങളിൽ സമുദ്രജല സ്വേദനം എന്ന മാർഗ്ഗമുപയോഗിച്ച് കടൽ വെള്ളം ശുദ്ധീകരിക്കുന്നു.

**വൈദ്യുതി**

- തിരമാലകൾ, വേലികൾ എന്നിവ വൈദ്യുതി ഉല്പാദനത്തിന് ഉപയോഗപ്പെടുത്തുന്നു.
- തീരത്ത് ആഞ്ഞടിക്കുന്ന ശക്തമായ തിരമാലകൾ അവിടെ സ്ഥാപിച്ചിട്ടുള്ള ടർബൈനുകളെ കറക്കുന്നതിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു.
- വേലിയേറ്റ സമയത്ത് അകത്തേക്കും വേലിയിറക്ക സമയത്ത് പുറത്തേക്കും ജലം ശക്തമായി നീങ്ങുന്നതിന്റെ ഫലമായി ടർബൈനുകൾ കറങ്ങുന്നതിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു.

**ഭക്ഷ്യ വിഭവങ്ങൾ**

- മത്സ്യം ലഭിക്കുന്നു
- കടലിലെ സസ്യ ജന്തുജാലങ്ങൾ നിരവധി ഔഷധങ്ങളുടെ സ്രോതസ്സാണ്
- ആന്റിബയോട്ടിക്കുകൾ , സ്റ്റിറോയിഡുകൾ വൈറ്റമിനുകൾ എന്നിവയുടെ ഉൽപാദനത്തിനായി കടലിലെ സസ്യ ജന്തുജാലങ്ങളെ ഉപയോഗിക്കുന്നു

6

**OR**

**വാവുവേലികൾ**

- അമാവാസി പൗർണമി ദിവസങ്ങളിൽ സൂര്യനും ചന്ദ്രനും ഭൂമിയും നേർരേഖയിൽ

വരുന്നു.

- ഈ ദിവസങ്ങളിൽ സൂര്യന്റെയും ചന്ദ്രന്റെയും ആകർഷണശക്തി കൂടുതലായിരിക്കും.
- അതിനാൽ മറ്റ് ദിവസങ്ങളെ അപേക്ഷിച്ച് ശക്തമായ വേലിയേറ്റം ഉണ്ടാകുന്നു.
- ഇവയാണ് വാവുവേലികൾ.

**സപ്തമിവേലികൾ**

- അമാവാസി പൗർണമി എന്നീ ദിവസങ്ങൾക്കുശേഷം ഏഴ ദിവസം കഴിയുമ്പോൾ സൂര്യനും ഭൂമിയും ചന്ദ്രനും 90 ഡിഗ്രി കോണീയ അകലങ്ങളിൽ എത്തുന്നു.
- ഈ ദിവസങ്ങളിൽ സൂര്യനും ചന്ദ്രനും 90 ഡിഗ്രി കോണീയ അകലങ്ങളിൽ നിന്ന് ആകർഷിക്കുന്നതിനാൽ വളരെ ദുർബലമായ വേലികളാണ് ഉണ്ടാകുന്നത്.
- ഇവയാണ് സപ്തമിവേലികൾ.

**ഫലങ്ങൾ**

- ഉപ്പളങ്ങളിൽ കടൽവെള്ളം കയറ്റാൻ കഴിയുന്നു
- വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു
- ആഴം കുറഞ്ഞ തുറമുഖങ്ങളിൽ കപ്പലുകൾ അടുപ്പിക്കാൻ കഴിയുന്നു
- തുറമുഖങ്ങളിലും സമുദ്രതീരങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ സമുദ്രത്തിന്റെ ഉൾഭാഗങ്ങളിലേക്ക് നീക്കം ചെയ്യപ്പെടുന്നു
- നദീമുഖങ്ങളിൽ ഡെൽറ്റകൾ രൂപംകൊള്ളുന്നത് തടസ്സപ്പെടുന്നു
- വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു

**COLIN JOSE .E**
**DR.AMMR GOVT HSS, KATTELA**
**THIRUVANANTHAPURAM**

**BIJU. M**
**GHSS PARAPPA**
**KASARGOD**